പത്രാധിപക്കുറിപ്പ്

# ലോകാവസാനം: നിശ്ചയിക്കേണ്ടത് നാം തന്നെ

**ലോകാവസാനവാർത്ത** ശരിയാണ്. മായൻ കലണ്ടറനുസരിച്ച് വർഷാവസാനദിനത്തിൽ നൂറു വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷം നടന്ന കേരളനിയമസഭയിൽ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധസമിതി (ഗാഡ്ഗിൽ) റിപ്പോർട്ട് രണ്ട് മണിക്കൂർ ചർച്ച ചെയ്തു. ഒറ്റക്കെട്ടായി/ഐക്യകണ്ഠേന നിയമസഭ പാസാക്കിയ പ്രമേയം ലോകാവസാനം അടുത്തിരിക്കുന്നതിന്റെ സൂചനയാണ്. നമ്മുടെ ജനപ്രതിനിധികളുടെയും രാഷ്ട്രീയപാർട്ടികളുടെയും പരിസ്ഥിതി സാക്ഷരതയുടെ നിലവാരവും വികസനആർത്തിയുടെ ഭീകരതയും ജനാധിപത്യത്തിന്റെ അപചയവുമനുസരിച്ച് ഭാവിയിൽ പ്രതീക്ഷിക്കാൻ ശുഭകരമായി കാര്യമായി ഒന്നുമില്ല. കേരളസംസ്ഥാനമൊട്ടാകെ വരൾച്ചബാധിതപ്രദേശമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സമയത്തു തന്നെ 'പരിസ്ഥിതിയും വികസനവും' എന്ന മായവാക്ക് പറഞ്ഞുകൊണ്ട് 'വികസനവും കരുതലും' അവകാശപ്പെടുന്ന യു ഡി എഫ് ഗവൺമെന്റ് സാമാന്യബുദ്ധിയെപോലും അവഹേളിച്ച് ജനങ്ങളെ മാത്രമല്ല, സമസ്തജീവജാലങ്ങളെയും നിന്ദിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷമില്ല. ഹരിത എം എൽ എമാർ വേണ്ടത്ര മുമ്പോട്ടു വന്നിട്ടില്ല. പ്രതിപക്ഷം/എൽ ഡി എഫ് ജീവന്റെ ഉറവിടങ്ങളെയും അടിസ്ഥാനങ്ങളെയും നശിപ്പിക്കുന്ന കാര്യത്തിൽ യു ഡി എഫിനോടൊപ്പം ഒറ്റക്കെട്ടാണ്. അവരേക്കാൾ മുമ്പിൽ കുടിയേറ്റക്കാരും കൈയേറ്റക്കാരും തോട്ടഉടമകളും ഇടുക്കി രൂപതയും എതിർപ്പുമായി രംഗത്തു വന്നിരുന്നു. കുരുടൻ ആനയെ കാണുന്ന പോലെ തങ്ങളുടെ നിക്ഷിപ്ത-സ്വാർത്ഥ ലക്ഷ്യങ്ങൾക്കു വേണ്ടി ഇവർ ഗാഡ്ഗിൽ റിപ്പോർട്ടിനെ വളച്ചൊടിക്കുകയാണ്. അനാവശ്യ ഭീതി പരത്തി, അമിതമായ ആശങ്കകൾ പരത്തി, ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന വികസനമാണ് സൂത്രത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ 'ലോകാവസാനം' ആരംഭിക്കുന്നത് ഇവിടെ നിന്നാണ്.

കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലൂടെയുള്ള പശ്ചിമഘട്ടം സംരക്ഷിക്കേണ്ടത് കേരളീയരുടെ മാത്രം പ്രശ്നമല്ല, ലോകത്തിന്റെ മുഴുവനും ആവശ്യമാണ്. ജൈവവൈവിധ്യത്തിന്റെയും കുടിവെള്ളലഭ്യതയുടെയും ഭക്ഷ്യസുരക്ഷയുടെയും സുഖകരമായ കാലാവസ്ഥയുടെയും ഉറവിടമായ ഈ പശ്ചിമഘട്ടത്തെ വിവേകത്തോടെ സംരക്ഷിക്കേണ്ടത് ജനങ്ങൾ ഒറ്റക്കെട്ടായി ചേർന്നാണ്. കള്ളത്തരമെടുത്തും നുണ പറഞ്ഞും തട്ടിപ്പിനും വെട്ടിപ്പിനും വേണ്ടി കോൺട്രാക്ടർ-ഉദ്യോഗസ്ഥ-രാഷ്ട്രീയ കൂട്ടുകെട്ട് ജനങ്ങളെ ബന്ദികളാക്കിയിരിക്കുകയാണ്, മറ്റ് ജീവജാലങ്ങളെയും. ഇവിടെ ഭരിക്കുന്ന മാഫിയ കോർപ്പറേറ്റ് ഭീകരൻമാർ തന്നെ.

പരിമിതമായ പൊതുവിഭവങ്ങൾ എല്ലാവരുടെയും വർത്തമാനത്തിനും ഭാവിക്കുമായി സംരക്ഷിച്ച് നിലനിൽപുള്ള ഒരു ജനാധിപത്യഭരണമാണ് നമുക്ക് വേണ്ടത്. നാളെയുടെ അടിത്തറയാണ് ഇന്ന്. ഇന്ന് പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ നമ്മോടും ഭാവിയോടുമുള്ള പാതകങ്ങൾ തന്നെ. അമ്മയെ ബലാത്കാരമായി കൊല്ലുമ്പോഴും അത് തിരിച്ചറിയാനുള്ള കഴിവ് നമുക്ക് നഷ്ടപ്പെട്ടുവോ? വരൾച്ചയും ഉരുൾപൊട്ടലും കൃഷിനാശവും കാലാവസ്ഥാമാറ്റവും നാമെങ്ങനെയാണ് മനസ്സിലാക്കുന്നത്? പ്രകൃതിനിയമങ്ങളെ ലംഘിച്ചുള്ള അന്ധമായ വികസനം നമ്മെ ഒരു ലോകാവസാനത്തിലെത്തിക്കുന്നു.

2012 മെയിൽ ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവന്നയുടൻ അത് നടപ്പാക്കാനാവില്ലെന്ന് എതിർപ്പറിയിച്ച കേരളം വളരെ വൈകി ഏഴ് മാസങ്ങൾക്ക് ശേഷം വിഷയം ചർച്ച ചെയ്ത് പ്രമേയം പാസാക്കിയെങ്കിലും അത് നമുക്ക് തരുന്ന സൂചനകൾ വളരെ വ്യക്തമാണ്. ജനങ്ങളെ ബലിയാടും മാപ്പുസാക്ഷികളുമാക്കുന്ന വികസന ഭീകരരുടെ മാഫിയാഭരണത്തിൽ ജനാധിപത്യത്തിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകരുടെ ഭാരം കൂടുകയാണ്. പരിസ്ഥിതി നിരക്ഷരരുടെ വലിയ സമൂഹം നമുക്ക് ചുറ്റുമുണ്ടെന്നും അവരുടെ മനഃസ്ഥിതിയും ബോധനിലവാരവും മാറിയാലേ നമുക്കെല്ലാവർക്കും ഭാവിയുള്ളൂ എന്നും മനസ്സിലാക്കേണ്ടതുണ്ട്.

മറ്റൊരു സംഭവം നോക്കാം. വയനാട്ടിലെ കടുവാപ്പേടി. കൊടുംകാട് വികസിപ്പിച്ച് നശിപ്പിച്ച നമ്മൾ, കാടുണ്ടെങ്കിലേ നാടുണ്ടാകൂ എന്ന് മുദ്രാവാക്യം മുഴക്കുന്ന നമ്മൾ കാട്ടിലെ കടുവയെ നാട്ടിലെത്തിച്ചതിലുള്ള നമ്മുടെ പങ്ക് മറന്നുകൊണ്ടാണ് അബദ്ധങ്ങളും ഭീതിയും പരത്തുന്നത്. മനുഷ്യനും വന്യജീവികളും തമ്മിൽ സംഘർഷമുണ്ടാകുന്ന അവസ്ഥ സൃഷ്ടിക്കുന്നതിൽ മനുഷ്യർ മാത്രമാണ് പ്രതിയെന്ന കാര്യം മറന്നുകൊണ്ടാണ് വയനാട്ടിൽ കടുവാവേട്ട നടന്നത്. നമ്മുടെ ചരിത്രം നാം തന്നെ ബോധപൂർവ്വം വിസ്മരിച്ചാൽ പിന്നെ ഏതൊരു നിരപരാധിക്ക് നേരെയും നിഷ്പ്രയാസം തോക്കു ചൂണ്ടാമല്ലോ. കൊല്ലാനുറപ്പിച്ച് മയക്കുവെടിയും വയ്ക്കാം. മൃഗങ്ങളും മനുഷ്യരും തമ്മിൽ സഹവർത്തിത്വം ഇപ്പോഴും സാധ്യമാണ്. പ്രത്യേകിച്ച് വനാതിർത്തികളിൽ അത്തരമൊരു സഹവർത്തിത്വമില്ലാതെ ഇനി മുന്നോട്ട് പോകാൻ കഴിയില്ല. അത്തരം ചർച്ചകൾക്ക് വഴി തുറക്കുന്നതിന് പകരം എത്ര ഭീകരമായ അസംബന്ധമാണ് മാധ്യമങ്ങളുടെ പിന്തുണയോടെ വയനാട്ടിൽ നടന്നത്.

നമ്മൾ വലിയൊരു ജലപ്പരപ്പിലെ വഞ്ചിയാത്രക്കാരാണെന്ന് കരുതുക. വഞ്ചിമുങ്ങാതെ നമുക്ക് സഞ്ചരിക്കാൻ ഇനിയും അനേക ദൂരമില്ലെന്ന് മനസ്സിലായാൽ വഞ്ചിയിൽ യന്ത്രം പിടിപ്പിച്ച് പാഞ്ഞുപോകാനാണോ അതോ സാവകാശം തുഴഞ്ഞ് ലക്ഷ്യം കാണാനാണോ നാം ശ്രമിക്കേണ്ടുന്നത് എന്ന വലിയ ചോദ്യമാണ് നമ്മുടെ മുന്നിലുള്ളത്. വസ്തുതകളുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങളെ മനസ്സിലാക്കി നാം വെല്ലുവിളികളെ നേരിടേണ്ടതുണ്ട്. അനാവശ്യ ആശങ്കകളിൽ, കൂട്ടത്തട്ടിപ്പിന് ജനങ്ങളെ വിധേയരാക്കി അവരെ ഭീതിയിലാഴ്ത്തുന്ന മുല്ലപ്പെരിയാർ മോഡൽ മാധ്യമ-രാഷ്ട്രീയ കൂട്ടുകെട്ട് നമ്മെ നശിപ്പിക്കുമെന്നറിയുക. പരിസ്ഥിതിക്കെതിരായ പ്രവൃത്തി പാപമാണെന്നറിഞ്ഞിട്ടും അതിന് പ്രേരിപ്പിക്കുന്ന കത്തോലിക്കസഭയിലെ ഒരു വിഭാഗത്തിനും കേരളത്തെ നശിപ്പിച്ചേ അടങ്ങൂ എന്ന കേരള കോൺഗ്രസ് രാഷ്ട്രീയത്തിനും അതിവേഗം ബഹുദൂരം വികസനം, നമുക്കും കിട്ടണം പണം എന്ന ഉമ്മൻ കോൺഗ്രസ് ജല്പനങ്ങൾക്കും മാർക്സാണ് ശരി, പക്ഷെ ഇവിടെ കയ്യേറ്റക്കാരാണ് അതിലും ശരി എന്ന വ്യവസ്ഥാപിത ഇടതുപക്ഷത്തിനുമിടയിൽ നിസ്വരും നിസഹായരുമായി മാറിക്കൊണ്ടിരിക്കുന്ന ജനങ്ങൾക്ക് തിരിച്ചറിവിലേക്ക് ഉണർന്ന്, ജനാധിപത്യത്തിലൂടെ മുന്നേറുക മാത്രമാണ് വഴി.